കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ല – കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് - 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ജലസേചന പ്രോജക്ടുകളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കാതിരുന്ന നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 1472/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 10.06.2014

---

പരാമർശം:

1. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 13.12.12-ൽ കൂടിയ സാധാരണ /അടിയന്തിര മീറ്റിംഗിലെ V(15)-ാം നമ്പർ തീരുമാനം.
2. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 04.01.13-ലെ ഇ.700/10-ാം നമ്പർ കത്ത്.
3. ഗ്രാമവികസന കമ്മീഷണറുടെ 24.10.13-ലെ 5814/ഡി.പി3/13/സി.ആർ.ഡി നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19.03.14-ലെ എൽ.എഫ്.466/പി.റ്റി3/14-ാം നമ്പർ കത്ത്.

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് 2007-08 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 80/05, 6/07, 9/07, 10/07 - നമ്പർ ജലസേചന പ്രോജക്ടുകൾ ഗുണഭോക്തൃ വിഹിതം ഈടാക്കാതിരുന്നതിനാൽ 2007-08-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സവാദമുന്നയിക്കുകയും മേൽ ജലസേചന പ്രോജക്ടുകൾ സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ശുപാർശ ചെയ്യുകയും ചെയ്തു.

ജലസേചന പദ്ധതികളുടെ ഗുണഭോക്താക്കൾ ഭൂരിഭാഗവും ബി.പി.എൽ കുടുംബങ്ങളും , ചെറുകിട നാമമാത്ര കർഷകരും പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണെന്നും പദ്ധതി ആരംഭിക്കുന്നതിന് മുൻപായി എല്ലാ സ്ഥലങ്ങളിലും ഗുണഭോക്തൃ യോഗം ഭരണസമിതിയുടെ നേതൃത്വത്തിൽ വിളിച്ച് ചേർത്തിരുന്നതാണെന്നും ഗുണഭോക്തൃ വിഹിതം പണമായി നൽകാനുള്ള സാമ്പത്തികശേഷി പ്രാദേശികനിവാസികൾക്കില്ലാത്തതിനാൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി സൂചന 1 പ്രകാരം തീരുമാനമെടുത്തിരുന്നെന്നും സൂചന (2) പ്രകാരം കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ജലസേചന പദ്ധതികളുടെ കാര്യത്തിൽ ഇനി ഗുണഭോക്തൃവിഹിതം ഈടാക്കുക പ്രായോഗികമല്ലെന്നും, പ്രയോജനം ലഭിക്കുന്നതിൽ പട്ടികജാതി പട്ടികവർഗ്ഗ/ബി.പി.എൽ വിഭാഗങ്ങൾ ഉൾപ്പെടുന്നതിനാലും പദ്ധതികളുടെ നിർവ്വഹണകാലത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ സർവ്വീസിൽ നിന്ന് വിരമിച്ചതിനാലും ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാൻ പാടില്ലെന്ന താക്കീതോടെ ഗുണഭോക്തൃവിഹിതം ഈടാക്കാതിരുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ നടപടിക്ക് സാധൂകരണം നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് സൂചന (3) പ്രകാരം ഗ്രാമവികസനകമ്മീഷണർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ജലസേചന പദ്ധതികളുടെ നടത്തിപ്പിലും ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ടെന്നും ഗുണഭോക്തൃവിഹിതം ഒഴിവാക്കി പദ്ധതി ഭേദഗതി വരുത്തുവാൻ 12.04.07-ലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയോഗം തീരുമാനിച്ചുവെങ്കിലും പദ്ധതി ഭേദഗതി വരുത്തിയതായോ, പദ്ധതി വിഹിതം വകയിരുത്തിയതായോ ബോദ്ധ്യപ്പെട്ടിട്ടില്ലെന്നും, ഗുണഭോക്തൃ വിഹിതം ഇനി ഈടാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കിയ നടപടിയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്നും സൂചന 4 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം 1-ലെ തീരുമാനത്തിന്റേയും, ഗ്രാമവികസന കമ്മീഷണറുടെ പരാമർശം 3-ലെ ശുപാർശയുടേയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശം-4-ലെ അഭിപ്രായത്തിന്റേയും അടിസ്ഥാനത്തിൽ 2007-08 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ജലസേചന പ്രോജക്ടുകൾക്ക് ഗുണഭോക്തൃവിഹിതം ഈടാക്കാതിരുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.സി.പ്രസന്നകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ,(എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.